# 2016 മെയ് 14 മുതൽ, 2016 ഡിസംബർ 10 വരെയുള്ള കെ.സി.എസ് പ്രവർത്തനറിപ്പോർട്ട്

കെ.സി.എസ് കുടുംബത്തിൽനിന്നും വേർപിരിഞ്ഞ ഏലിയാമ്മ മറ്റത്തിപറമ്പിൽ, അന്നമ്മ പനങ്കാലായിൽ, അന്നമ്മ വലിയപറമ്പിൽ, ജോസഫ് ഇല്ലംപള്ളി, മാത്യു ഇല്ലിമൂട്ടിൽ, റ്റിമ്മി കടുതോടിൽ, റവ. ഫാ. തോമസ് കുരിശുമൂട്ടിൽ, അന്നമ്മ കണിയാലിൽ, മറിയാമ്മ മഴുവഞ്ചേരിൽ, ജേക്കബ് മൂന്നുപറയിൽ, തെരേസാ വണ്ടന്നൂർ, മറിയക്കുട്ടി കൊടുവത്തറ, അന്നമ്മ കൊച്ചുപറമ്പിൽ, അന്നമ്മ മറ്റത്തിപറമ്പിൽ, ഏലിയാമ്മ കളത്തിക്കോട്ടിൽ, ജെറീനാ ഇടകര, മാണി ഓതിരകല്ലുങ്കൽ, ചാക്കോ മത്തായി വല്ലൂർ, ലൂക്കാച്ചൻ ഓളിയാനിക്കൽ, മേരി വിരുത്തികുളങ്ങര, ബേബിച്ചൻ ചേത്തലിൽകരോട്ട്, ജോയി മുണ്ടപ്ലാക്കിൽ, മാത്യു കുഴിപ്പറമ്പിൽ, ഏലി ജോസഫ് നെടുവാസുഴ, ചാക്കോ ആദോപ്പള്ളിൽ എന്നിവരുടെ സ്മരണയ്ക്ക് ആദരപൂർവ്വം സ്മരണാഞ്ജലി അർപ്പിക്കുന്നു.

## കെ.സി.എസ് അർദ്ധവാർഷിക പൊതുയോഗം

പ്രസിഡന്റ് ജോസ് കണിയാലിയുടെ അദ്ധ്യക്ഷതയിൽ,2016 മെയ് 14ന് ചേർന്നു. വൈസ് പ്രസിഡന്റ് റോയി നെടുംചിറയുടെ പ്രാർത്ഥനയോടുകൂടി ആരംഭിച്ച യോഗത്തിന് ജനറൽ സെക്രട്ടറി ജീനോ കോതാലടിയിൽ നന്ദി പറഞ്ഞു. ഡി.കെ.സി.സി തെരഞ്ഞെടുപ്പിനെ സംബന്ധിച്ച് സിറിയക് പുത്തൻപുരയിൽ വിശദീകരിച്ചു.

കെ.സി.സി.എൻ.എ ഭരണഘടനാ ഭേദഗതികൾ, കെ.സി.സി.എൻ.എ അംഗസംഘടനകളിൽ ചർച്ച ചെയ്ത്, അഭിപ്രായം ആരാഞ്ഞതിന്ശേഷം മാത്രം, കെ.സി.സി.എൻ.എ നാഷണൽ കൗൺസിലിന്റെ അജണ്ടയിൽ ഉൾപ്പെടുത്തുന്നതിന് ആവശ്യമായ കെ.സി.സി.എൻ.എ ഭരണഘടനാ ഭേദഗതി നിർവ്വഹിക്കണമെന്ന് ചിക്കാഗോ കെ.സി.എസ് ജനറൽബോഡി യോഗം ആവശ്യപ്പെട്ടു.

എല്ലാ അംഗസംഘടനകളുടെയും, ഭരണഘടന കെ.സി.സി.എൻ.എ പരിശോധിക്കുകയും, അംഗത്വത്തെ സംബന്ധിച്ച് കെ.സി.സി.എൻ.എ ഭരണഘടനക്ക് വിരുദ്ധമായ നിയമങ്ങളുള്ള അംഗസംഘടനകളുടെ ഭരണഘടന തിരുത്താനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും, കെ.സി.സി.എൻ.എ അംഗത്വം ക്നാനായ കത്തോലിക്കർക്ക് മാത്രം നൽകണമെന്നും യോഗം ആവശ്യപ്പെട്ടു.

ജനറൽ സെക്രട്ടറി ജീനോ കോതാലടിയിൽ അവതരിപ്പിച്ച റിപ്പോർട്ടും, ട്രഷറർ സ്റ്റീഫൻ കിഴക്കേക്കുറ്റ് അവതരിപ്പിച്ച കണക്കും യോഗം അംഗീകരിച്ചു.

**കെ.സി.സി.എൻ.എ കൺവൻഷൻ :-** 2016 ആഗസ്റ്റ് 4 മുതൽ ആഗസ്റ്റ് 7 വരെ നടത്തപ്പെട്ട കൺവൻഷനിൽ ചിക്കാഗോ കെ.സി.എസിൽനിന്നും, 149 രജിസ്ട്രേഷനുകൾ ഉണ്ടായിരുന്നു. കൺവൻഷനോടനുബന്ധിച്ച് നടത്തപ്പെട്ട പ്രൊസഷൻ, കായികമത്സരങ്ങൾ, കലാമത്സരങ്ങൾ എന്നിവയിൽ വിജയികളായ ചിക്കാഗോ കെ.സി.എസ് അംഗങ്ങൾക്ക് അഭിനന്ദനങ്ങൾ നേരുന്നു.

**കെ.സി.എസ് ഒളിംപിക്സ്:-** 2016 ആഗസ്റ്റ് 27ന് മോർട്ടൻ ഗ്രോവിലുള്ള സെന്റ് പോൾവുഡ്സിൽ വെച്ച് നടത്തപ്പെട്ടു. ഒളിംപിക്സ് ചുങ്കം സെന്റ് മേരീസ് ഫൊറോനാ വികാരി റവ. ഫാ. ജോർജ് പുതുപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. കെ.സി.എസ് പ്രസിഡന്റ് ജോസ് കണിയാലി കായികതാരങ്ങളുടെ സല്യൂട്ട് സ്വീകരിച്ചു. വിൻസെന്റ് ഡി പോൾ കോട്ടയം അതിരൂപതാ പ്രസിഡന്റും കേരള റീജിയൻ കോഓർഡിനേറ്ററുമായ ജോസ് കോതാലടിയിൽ മുഖ്യാതിഥിയായിരുന്നു. ഏറ്റവും കൂടുതൽ പോയിന്റ് നേടി ഉഴവൂർ-കടുത്തുരുത്തി ഫൊറോനാ, ബിജു തുരുത്തിയിൽ മെമ്മോറിയൽ എവർറോളിംഗ് ട്രോഫി കരസ്ഥമാക്കി. ഒളിംപിക്സിന്റെ വിജയകരമായ നടത്തിപ്പിന് സഹായിച്ച, കെ.സി.എസ് ഔട്ട്ഡോർ കമ്മിറ്റി ചെയർമാൻ ജോജോ ആലപ്പാട്ട്, കമ്മിറ്റി അംഗങ്ങളായ ജോയി തേനാകര, ജോസ് മണക്കാട്ട്, സാജൻ പച്ചിലപാക്കിൽ, ജെയിംസ് വെട്ടിക്കാട്ട്, ഷാൻ കദളിമറ്റം, ഷൈജു കിഴക്കേകുറ്റ്, ജ്യോതിഷ് തെങ്ങനാട്ട്, ജെയ്മോൻ നന്ദികാട്ട്, ജോയ്സ് ആലപ്പാട്ട്, ബിനു കൈതക്കതൊട്ടിയിൽ, ജേക്കബ് മണ്ണാർകാട്ടിൽ, ജോർജ് ഏലൂർ, സാജു കണ്ണംപള്ളി, ബൈജു കുന്നേൽ എന്നിവരുടെ സേവനങ്ങൾക്ക് നന്ദി.

**കെ.സി.എസ് ഓണാഘോഷം** - സെപ്റ്റംബർ 17 ന് ചിക്കാഗോ ടാഫ്റ്റ് ഹൈസ്കൂളിൽ വെച്ച് വർണ്ണാഭമായി നടത്തപ്പെട്ടു. ചലച്ചിത്രതാരം സുചിത്ര മുഖ്യാതിഥി ആയി പങ്കെടുത്തു. ആഘോഷങ്ങളോടനുബന്ധിച്ച് നടത്തപ്പെട്ട റാഫിളിൽ ഷാജു പഴയംപള്ളിൽ വിജയിയായി. വിഭവ സമൃദ്ധമായ

ഓണസദ്യ, വൈവിദ്ധ്യമാർന്ന കലാപരിപാടികൾ എന്നിവ ആഘോഷങ്ങൾക്ക് മാറ്റ് കൂട്ടി. കലാപരിപാടികൾക്ക് നേതൃത്വം നൽകിയ എന്റർടെയിൻമെന്റ് കമ്മിറ്റി ചെയർപേഴ്സൺ ഡെന്നി പുല്ലാപ്പള്ളിൽ, അംഗങ്ങളായ ജോയൽ ഇലക്കാട്ട്, ജോബി ഓളിയിൽ, റാഫിൾ സ്പോൺസർ ചെയ്ത പോൾ തര്യത്ത് എന്നിവർക്ക് നന്ദി.

## ചിക്കാഗോ കെ.സി.എസ് യുവജനോത്സവം – 2016

ഒക്ടോബർ 8 ന് കമ്യൂണിറ്റി സെന്ററിൽ വെച്ച് നടത്തപ്പെട്ടു. റവ. ഫാ. ബോബൻ വട്ടംപുറത്ത് ഉദ്ഘാടനം നിർവഹിച്ചു. കലാതിലകം അനൂഷ കുന്നത്തു കിഴക്കേതിൽ, കലാപ്രതിഭ റ്റോബി കൈതക്കതൊട്ടിയിൽ, റൈസിംഗ് സ്റ്റാഴ്സ് അലക്സ് ജോൺ റ്റോമി ചക്കാലക്കൽ, ഡാനിയേൽ തിരുനെല്ലിപ്പറമ്പിൽ എന്നിവർക്ക് അഭിനന്ദനങ്ങൾ. കലോത്സവത്തിന്റെ വിജയകരമായ നടത്തിപ്പിന് സഹായിച്ച ഡെന്നി പുല്ലാപ്പള്ളിൽ, ജോബി ഓളിയിൽ, ജോയൽ ഇലക്കാട്ട്, ജോസ് മണക്കാട്ട്, ഷിബു മുളയാനിക്കുന്നേൽ എന്നിവർക്ക് പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

## കെ.സി.എസ്. വിശേഷാൽ പൊതുയോഗം 2016

ഒക്ടോബർ 9 ന് കമ്യൂണിറ്റി സെന്ററിൽ വെച്ച് നടത്തപ്പെട്ടു. കെ.സി.എസ്. പ്രസിഡന്റ് ജോസ് കണിയാലി അദ്ധ്യക്ഷത വഹിച്ച യോഗം, വൈസ് പ്രസിഡന്റ് റോയി നെടുംചിറയുടെ പ്രാർത്ഥനയോടുകൂടി ആരംഭിച്ചു. ജനറൽ സെക്രട്ടറി ജീനോ കോതാലടിയിൽ നന്ദി പറഞ്ഞു.

കെ.സി.സി.എൻ.എ. തെരഞ്ഞെടുപ്പ് ഭേദഗതികൾ, കൺവൻഷൻ അംഗത്വ ഭേദഗതികൾ, ബൈലോ ഭേദഗതികൾ എന്നിവയെ സംബന്ധിച്ച് യോഗം വിശദമായി ചർച്ച ചെയ്തു. കെ.സി.സി.എൻ.എ. ജോയിന്റ് സെക്രട്ടറി സക്കറിയ ചേലക്കൽ നിർദ്ദിഷ്ട ഭേദഗതികൾ വിശദീകരിച്ചു.

കെ.സി.സി.എൻ.എ യുടെ നിലവിലുള്ള തെരഞ്ഞെടുപ്പ് സംവിധാനം മാറ്റേണ്ട ആവശ്യകതയില്ലെന്ന് യോഗം വിലയിരുത്തി. നിലവിലുള്ള കീഴ്‌വഴക്കങ്ങൾ പാലിക്കാതെ കെ.സി.സി.എൻ.എ. കോൺസ്റ്റിറ്റ്യൂഷൻ കമ്മിറ്റിയെ മറി കടന്ന്, കെ.സി.സി.എൻ.എ. എക്സിക്യൂട്ടീവ് പ്രവർത്തിക്കുന്നതിൽ യോഗം ഉത്ക്കണ്ഠ രേഖപ്പെടുത്തി. ഭാരിച്ച തെരഞ്ഞെടുപ്പ് ചെലവുകൾ, പ്രതികൂല കാലാവസ്ഥ, സാങ്കേതിക വിഷമതകൾ, വോട്ടർ ക്രമക്കേടുകൾ, വിവിധ അംഗസംഘടനകളിലെ, വൈവിദ്ധ്യമാർന്ന അംഗത്വ മാനദണ്ഡങ്ങൾ, കെ.സി.സി.എൻ.എ. നാഷണൽ കൗൺസിലിന്റെ പ്രസക്തിയും പ്രാധാന്യവും നഷ്ടപ്പെടുന്നത്, പാനൽ തെരഞ്ഞെടുപ്പ് രീതിയിലേയും, പ്രസിഡന്റ് സ്ഥാനാർത്ഥിക്ക് വേണ്ട യോഗ്യതകളിലേയും അസ്വീകാര്യത എന്നിവ മൂലം, നിർദ്ദിഷ്ട കെ.സി.സി.എൻ.എ. തെരഞ്ഞെടുപ്പ് ഭേദഗതികൾ യോഗം നിരാകരിച്ചു.

നിലവിലുള്ള കെ.സി.സി.എൻ.എ. എക്സിക്യൂട്ടീവിന്റെ കാലാവധിക്കപ്പുറം, പ്രവർത്തനങ്ങൾക്ക് രൂപം കൊടുക്കുവാനുദ്ദേശിക്കുന്ന വിഷൻ കമ്മിറ്റികൾ അനാവശ്യമെന്നും, കെ.സി.സി.എൻ.എ. കൺവൻഷനുകളിൽ, അംഗത്വ അംഗീകാരം നൽകുന്നതിനുള്ള അധികാരം അംഗസംഘടനകൾക്ക് മാത്രമാണെന്നും യോഗം തീരുമാനിച്ചു.

കെ.സി.സി.എൻ.എ. ക്നാനായ കാത്തലിക് സംഘടന മാത്രമെന്ന് യോഗം വിലയിരുത്തി. ക്നാനായ യാക്കോബായ വിഭാഗത്തിൽ പെട്ടവർക്ക്, കെ.സി.സി.എൻ.എ. കൺവൻഷനുകളിൽ Guest Status മാത്രമേ നൽകാവൂ എന്നും യോഗം നിർദ്ദേശിച്ചു.

ചിക്കാഗോ കെ.സി.സി.എൻ.എ. ൽ നിന്നുമുള്ള കെ.സി.സി.എൻ.എ. ഭാരവാഹികൾ, കെ.സി.സി.എൻ.എ. എക്സിക്യൂട്ടീവിലുള്ള ഇതര അംഗങ്ങളുടെ ഒപ്പ് ശേഖരണം നടത്തി, ഈ ഭേദഗതികൾക്കായുള്ള പരിശ്രമങ്ങളെ തടയുവാൻ ശ്രമിക്കണമെന്നും യോഗം നിർദ്ദേശിച്ചു, നവംബർ 5 ന്, നയാഗ്രാ ഫാൾസിൽ വെച്ച് നടത്തപ്പെടുന്ന കെ.സി.സി.എൻ.എ. നാഷണൽ കൗൺസിലിൽ, ചിക്കാഗോ കെ.സി.എസിൽ നിന്നും, എല്ലാ നാഷണൽ കൗൺസിൽ അംഗങ്ങളും പങ്കെടുക്കണമെന്ന് യോഗം ആവശ്യപ്പെട്ടു.

## നേതൃസംഗമം

2016 ഒക്ടോബർ 22 ന് കമ്യൂണിറ്റി സെന്ററിൽ വെച്ച് നടത്തപ്പെട്ട കെ.സി.എസ്. നേതൃ സംഗമ സമ്മേളന മദ്ധ്യേ, 1983 മുതൽ, 2016 വരെ, കെ.സി.എസിന് നേതൃത്വം നൽകിയ, എക്സിക്യൂട്ടീവ് അംഗങ്ങൾ, സ്പിരിച്ച്വൽ ഡയറക്ടർമാർ എന്നിവരുടെ ഫോട്ടോ ഗാലറി, തോമസ് ചാഴിക്കാടൻ എക്സ് എം.എൽ.എ. അനാച്ഛാദനം നിർവഹിച്ചു. സമ്മേളനത്തിൽ വെച്ച് മുൻകാല ഭാരവാഹികൾക്ക് ലീഡർഷിപ്പ് അവാർഡ് സമ്മാനിച്ചു. റവ. ഫാ. ഏബ്രഹാം മുത്തോലത്ത്, കുര്യൻ കാരാപ്പള്ളിൽ, ചാക്കോ പൂവത്തു

ങ്കൽ, ജെയ്ബു കുളങ്ങര എന്നിവരുടെ സേവനങ്ങൾക്ക് അംഗീകാരമായി, പൊന്നാടയണിയിച്ച് ആദരിച്ചു. തിളക്കമാർന്ന ഈ ആദരവ്. സംഗമം ഒരു വേറിട്ട അനുഭവമായിരുന്നു.

**കെ.സി.എസ് ഭാരവാഹികൾ**

2017-2018 കെ.സി.എസ്. എക്സിക്യൂട്ടീവ് ബോർഡിലേക്ക്, ബിനു പൂത്തുറയിൽ (പ്രസിഡന്റ്), സാജു കണ്ണംപ്പള്ളിൽ (വൈസ് പ്രസിഡന്റ്), ജോണിക്കുട്ടി പിള്ള വീട്ടിൽ (ജനറൽ സെക്രട്ടറി), ഡിബിൻ വിലങ്ങുകല്ലേൽ (ജോയിന്റ് സെക്രട്ടറി), ഷിബു മുളയാനിക്കുന്നേൽ (ട്രഷറർ) എന്നിവരെ തെരഞ്ഞെടുത്തു.

**കെ.സി.സി.എൻ.എ. നാഷണൽ കൗൺസിൽ അംഗങ്ങൾ**

എബിൻ കുളത്തിക്കരോട്ട്, ബിനു കൈതക്കതൊട്ടിയിൽ, ജെയ്മോൻ നന്തികാട്ട്, പ്രൊഫ. മേയമ്മ വെട്ടിക്കാട്ട്, തോമസ് അപ്പോഴിപറമ്പിൽ, തോമസ് മാന്തുരുത്തിൽ, ജോയി നെല്ലാമറ്റം എന്നിവരാണ് 2017-2018 കെ.സി.സി.എൻ.എ. നാഷണൽ കൗൺസിൽ അംഗങ്ങൾ.

**ലെജിസ്ലേറ്റീവ് ബോർഡ് അംഗങ്ങൾ**

മാത്യു ഇടുക്കുതറയിൽ (വാർഡ് 1), സജി മാലിത്തുരുത്തേൽ (വാർഡ് 2), കുഞ്ഞുമോൻ തത്തംകുളം (വാർഡ് 3), മോനിച്ചൻ പുല്ലാഴിയിൽ (വാർഡ് 4), സിറിൽ കട്ടപ്പുറം (വാർഡ് 5), റ്റിബു മൈലാട്ടുലപാറയിൽ (വാർഡ് 6), റ്റോമി ഇടത്തിൽ (വാർഡ് 7), ജിനോ കക്കാട്ടിൽ (വാർഡ് 8) എന്നിവരാണ് 2017-2019 വർഷത്തേക്കുള്ള കെ.സി.എസ് ലജിസ്ലേറ്റീവ് ബോർഡ് അംഗങ്ങൾ.

കെ.സി.എസ്. പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ, നിയുക്തരായിരിക്കുന്ന എല്ലാവർക്കും അനുമോദനവും, പ്രവർത്തനവിജയവും ആശംസിക്കുന്നതോടൊപ്പം, കെ.സി.എസ്. ലെയ്സൺ ബോർഡിന് നന്ദിയും രേഖപ്പെടുത്തുന്നു.

**ക്നാനായ നൈറ്റ് 2016**

നവംബർ 19 ന്, ചിക്കാഗോ ടാഫ്റ്റ് ഹൈസ്കൂളിൽ വെച്ച് നടത്തപ്പെട്ടു. സുപ്രസിദ്ധ സിനിമാതാരവും ക്നാനായ സമുദായാംഗവുമായ ലാലു അലക്സ് മുഖ്യാതിഥിയായി പങ്കെടുത്തു. യോഗത്തിൽ വെച്ച്, മികച്ച പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ, സ്പോർട്സ് ഫോറം ചെയർമാൻ ഷിജു ചെറിയത്തിൽ, എന്റർടെയിൻമെന്റ് കമ്മിറ്റി ചെയർപേഴ്സൺ ഡെന്നി പുല്ലാപ്പള്ളിൽ, വെബ്സൈറ്റ് കമ്മിറ്റി ചെയർമാൻ ദിലീപ് മാധവപ്പള്ളിൽ. ഫൈനാൻസ് കമ്മിറ്റി ചെയർമാൻ ബൈജു കുന്നേൽ എന്നിവരെ അച്ചീവ്മെന്റ് അവാർഡുകൾ നൽകി ആദരിച്ചു. കലാതിലകം അനൂഷ ജോസഫ് കുന്നത്ത് കിഴക്കേതിൽ, കലാപ്രതിഭ റ്റോബി കൈതക്കതൊട്ടിയിൽ, റൈസിംഗ് സ്റ്റാർഴ്സ് ഡാനിയേൽ തിരുനെല്ലിപ്പറമ്പിൽ, അലക്സ് ജോൺ റ്റോമി ചക്കാലക്കൽ എന്നിവർക്കും, കെ.സി.എസ് ഒളിംപിക്സിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടിയ ഉഴവൂർ കടുത്തുരുത്തി ഫോറോനാക്കുമുള്ള ട്രോഫികൾ സമ്മാനിക്കപ്പെട്ടു. ബിനു പൂത്തുറയിലിന്റെ നേതൃത്വത്തിലുള്ള, അടുത്ത രണ്ട് വർഷത്തെ പുതിയ ഭാരവാഹികളെ, പ്രസിഡന്റ് ജോസ് കണിയാലി സദസ്സിന് പരിചയപ്പെടുത്തി. ഇമ്പമാർന്ന കലാപരിപാടികൾക്ക് നേതൃത്വം നൽകിയ കെ.സി.എസ്. പോഷക സംഘടനകൾ ഡെന്നി പുല്ലാപ്പള്ളിൽ, ജോബി ഓളിയിൽ, ജോയൽ ഇലക്കാട്ട്, തോമസ് ഒറ്റക്കുന്നേൽ, ഗ്രാന്റ് സ്പോൺസർ പേരന്റ് പെട്രോളിയം എന്നിവർക്ക് പ്രത്യേകം നന്ദി.

**കിഡ്സ് ക്ലബ് -** ക്നാനായ നൈറ്റിന്റെ മുഖ്യ ആകർഷണമായിരുന്നു കിഡ്സ് ക്ലബിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട വെൽക്കം പ്രോഗ്രാം, കെ.സി.ജെ.എൽ മോർട്ടൻ സെന്റ് മേരീസ് പള്ളി ശുചീകരണമുൾപ്പെടെ വിവിധ പരിപാടികൾ ഈ സംഘടനയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ടു.

**കെ.സി.വൈ.എൽ -** പ്രസിഡന്റ് ഷാൺ മുല്ലപ്പള്ളിയുടെ നേതൃത്വത്തിൽ പ്രവർത്തന നിരതമായിരുന്നു കെ.സി.വൈ.എൽ. അലക്സ് മുത്തോലം (പ്രസിഡന്റ്), ജെഫീന ഇലവുങ്കൽ (എക്സി. വൈസ് പ്രസിഡന്റ്) ഷാനിയ നെടിയകാലായിൽ (ജനറൽ വൈസ് പ്രസിഡന്റ്), ക്രിസ്റ്റീന ഇടകര (സെക്രട്ടറി) അൻജിത്ത് കുന്നത്തുകിഴക്കേതിൽ (ട്രഷറർ) ഡീനാ ചെമ്മാച്ചേൽ, ലൂക്കാസ് ചെറിയതിൽ (ജോയിന്റ് സെക്രട്ടറിമാർ), ധന്യാ വലിയമറ്റത്തിൽ (പി.ആർ.ഓ) എന്നിവരാണ് പുതിയ ഭാരവാഹികൾ.

**യുവജനവേദി -** വിവാഹിതരാകുന്ന അംഗങ്ങളുടെ, ചന്തംചാർത്ത്, മൈലാഞ്ചി, ചീട്ടുകളി മത്സരം, ഓണാഘോഷം എന്നി പ്രവർത്തനങ്ങൾ യുവജനവേദിയെ സജീവമാക്കി.

**വിമൻസ് ഫോറം -** പ്രസിഡന്റ് പ്രതിഭാ തച്ചേട്ട് നേതൃത്വം നൽകിയ പ്രവർത്തനങ്ങളിൽ കെ.സി.സി.എൻ.എ. കൺവൺഷൻ ഫാഷൻ ഷോ, പ്രോജക്ട് ദീപ്തി ഫണ്ട് റെയിസിംഗ്, ലേക്ക് ജനീവ ട്രിപ്പ്, ക്നാനായ വനിതകൾക്ക് പാർപ്പിട സഹായം എന്നിവ ഉൾപ്പെടുന്നു. ജിജിനെല്ലാമറ്റം (പ്രസിഡന്റ്),

ആനി വാച്ചാച്ചിറ (വൈസ് പ്രസിഡന്റ്), ബിനി തെക്കനാട്ട് (സെക്രട്ടറി), ആൻസി കുപ്ലിക്കാട്ട് (ട്രഷറർ), ആൻ കരികുളം (ജോയിന്റ് സെക്രട്ടറി) എന്നിവർ പുതിയ നേതൃത്വത്തിലേക്ക് കടന്നു വന്നു.

**ഗോൾഡീസ്** – റ്റേസ്റ്റ് ഓഫ് ഷിക്കാഗോ ട്രിപ്പ്, ആർഗോൺ നാഷണൽ ലാബറട്ടറി യാത്ര, വാർഷികാഘോഷം, മൂവിനൈറ്റ്, എന്നിവയാണ് ഈ കാലയളവിലെ പ്രവർത്തനങ്ങൾ.

**സീനിയർ സിറ്റിസൺസ് ഫോറം** – പ്രതിമാസയോഗങ്ങൾ, വിനോദങ്ങൾ, കുക്കിംഗ് എന്നിവ പ്രവർത്തനങ്ങളിൽപ്പെടുന്നു.

ബിസിനസ്സ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ ഗ്യാസ് സ്റ്റേഷൻ ഉടമകൾക്കായി ക്ലാസ്സ് A/B/C/ ട്രെയിനിംഗ് ജൂലൈ 29 ന്, കമ്യൂണിറ്റി സെന്ററിൽ വെച്ച് നടത്തപ്പെട്ടു. സിറിയക്ക് കൂവക്കാട്ടിൽ, സൻജു പുളിക്കതൊട്ടിയിൽ, സൈമൺ മുട്ടം, ജോയി കോട്ടൂർ എന്നിവർ വിജയകരമായി നടത്തപ്പെട്ട ഈ പരിപാടിക്ക് നേതൃത്വം നൽകി.

**സ്പോർട്സ് ഫോറം** – ഫോറങ്ങളിൽ ഏറ്റവും സജീവവും, പങ്കാളിത്തവുമുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ ഷിജു ചെറിയത്തിൽ അഭിനന്ദനം അർഹിക്കുന്നു. ഫോറങ്ങളിലെ പൊൻതൂവൽ ആയിരുന്നു സ്പോർട്സ് ഫോറം.

**ചീട്ടുകളി മത്സരം** – മെയ് 21 ന് കമ്യൂണിറ്റി സെന്ററിൽ വെച്ച് ഇദംപ്രഥമമായി നടത്തപ്പെട്ടു. ബൈജു & സുമാ കുന്നേൽ (ദമ്പതി  വിഭാഗം ചാമ്പ്യന്മാർ) സണ്ണി & ബീനാ ഇണ്ടിക്കുഴി (ദമ്പതി വിഭാഗം റണ്ണർ അപ്പ്), സണ്ണി ഇണ്ടിക്കുഴി, ജോയി ഇണ്ടിക്കുഴി, ചാക്കോ കൊച്ചുപറമ്പിൽ (28–ചാമ്പ്യൻസ്), സാജു കണ്ണംപള്ളി, ബാബു മണപ്പള്ളി, ബാബു വാലുമറ്റം (28–റണ്ണർ അപ്പ്), മോഹിൻ, മിഥുൻ, മോഹിത്, തോമസ് ഞാറവേലിൽ, ഉല്ലാസ് ചക്കാലപ്പടവിൽ, ജോൺസൺ മണ്ണൂർകുന്നേൽ (28– മൂന്നാം സ്ഥാനം), ഷിജു ചെറിയത്തിൽ (റമ്മി ചാമ്പ്യൻ), ജോബ് വാറുഗീസ് (റമ്മി– റണ്ണർ അപ്പ്), ജസ്റ്റിൻ തെങ്ങനാട്ട് (റമ്മി– 3–ാം സ്ഥാനം) എന്നിവരായിരുന്നു വിജയികൾ.

മത്സരം സ്പോൺസർ ചെയ്ത ജോയി നെടിയകാലായിൽ, സിറിയക്ക് കൂവക്കാട്ടിൽ, ബിജു കിഴക്കേകൂറ്റ്, രാജു പിണർക്കയിൽ, ബിനു പൂത്തുറയിൽ, ജോണിക്കുട്ടി പിള്ള വീട്ടിൽ എന്നിവർക്ക് നന്ദി.

**വോളിബോൾ ടൂർണമെന്റ്** – ജൂലൈ 10 ന് feldman സെന്ററിൽ വെച്ച് വിജയകരമായി നടത്തപ്പെട്ടു. കോളേജ് വിഭാഗത്തിൽ ഷാൺ കദളിമറ്റം ക്യാപ്റ്റനായുള്ള ടീം ചാമ്പ്യന്മാരായി. മാക്സ് തച്ചേട്ട് നയിച്ച ടീം റണ്ണർ അപ്പും,  മിഡിൽ സ്കൂൾ വിഭാഗത്തിൽ ചെൽസി അമ്മായികുന്നേൽ ക്യാപ്റ്റനായുള്ള ടീം ചാമ്പ്യൻമാരും, സനൽ കദളിമറ്റം നയിച്ച ടീം റണ്ണർ അപ്പും ആയി. കരിംകുന്നം പഞ്ചായത്ത് മുൻ പ്രസിഡന്റ് യു.കെ. ചാക്കോ മുഖ്യാതിഥി ആയിരുന്നു.

**ബാസ്ക്കറ്റ്ബോൾ ടൂർണമെന്റ്**

ജൂൺ 11 ന് ഫെൽഡ്മെൻ സെന്ററിൽ വെച്ച് നടത്തപ്പെട്ടു. നോ മേഴ്സി ടീം ചാമ്പ്യൻമാരും, FBOB റണ്ണർ അപ്പും ആയി. യുവജന പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായിരുന്നു ഈ മത്സരങ്ങൾ. മിഡിൽ സ്കൂൾ വിഭാഗത്തിൽ ടീം അടിപൊളി ചേട്ടായി (ചാമ്പ്യൻ), ഷാന്നാപ്പി (റണ്ണർ അപ്പ്) എന്നിവരായിരുന്നു വിജയികൾ.

**ക്രിക്കറ്റ് ടൂർണമെന്റ്** – ജൂലൈ 31 ന് ഡീ പാർക്കിൽ വെച്ച് നടത്തപ്പെട്ടു. 20/20 ഫോർമാറ്റിൽ നടത്തപ്പെട്ട മത്സരങ്ങളിൽ, ഷാജി എടാട്ട് നയിച്ച ടീം ചാമ്പ്യൻമാരും, സൈബു കിഴക്കേകുറ്റ് നയിച്ച ടീം റണ്ണർ അപ്പും ആയി, ജൂബിൻ മാൻ ഓഫ് ദ് മാച്ചായി തെരഞ്ഞെടുക്കപ്പെട്ടു. ഡിട്രോയിറ്റ് കെ.സി.എസിൽ നിന്നും ഒരു ടീം പങ്കെടുത്തത്, സ്പോർട്ട്സ് ഫോറം പ്രവർത്തനങ്ങളുടെ പ്രസക്തി വ്യക്തമാക്കുന്നു. മാൻ ഓഫ് ദ് മാച്ച് അവാർഡ് സ്പോൺസർ ചെയ്ത ജോർജ് നെല്ലാമറ്റത്തിനും, സ്പോർട്ട്സ് ഉപകരണങ്ങൾ നൽകിയ ചിക്കാഗോ ഫ്രണ്ട്സ് ക്ലബിനും നന്ദി അറിയിക്കുന്നു.

**ടെന്നീസ്  ടൂർണമെന്റ്**

സെപ്റ്റംബർ 18 ന് ഡെസ്പ്ലെയിൻസിലുള്ള ഫ്രണ്ട് ഷിപ്പ് പാർക്കിൽ വെച്ച് നടത്തപ്പെട്ടു. ആനന്ദ് ആകശാല (സിഗിംൾസ്, ചാമ്പ്യൻ), ജോജോ ആലപ്പാട്ട് (റണ്ണർ അപ്പ്– സിഗിംൾസ്), ആനന്ദ് ആകശാല, സജി വെള്ളാരം കാലായിൽ (ഡബിൾസ് ചാമ്പ്യൻമാർ), ജോജോ ആലപ്പാട്ട്, ജിമ്മി മണപ്പള്ളിൽ (ഡബിൾസ് റണ്ണർ അപ്പ്) എന്നിവരാണു വിജയികൾ.

**ബാഡ്മിന്റൺ/ടേബിൾ  ടെന്നീസ്  ടൂർണമെന്റ്**

നവംബർ 13 ന്, ഷാംബർഗിലുള്ള, ഇഗ്രറ്റ് സ്പോർട്സ് സെന്ററിൽ വെച്ച് നടത്തപ്പെട്ടു.

**വിജയികൾ**

**ടേബിൾ ടെന്നീസ് (ഡബിൾസ്)**

ജയിംസ് വെട്ടിക്കാട്ടിൽ, സാജു കണ്ണംപള്ളി (ചാമ്പ്യൻ)

സിറിയക്ക് കൂവക്കാട്ടിൽ, ജേക്കബ് പ്ലാപറമ്പിൽ (റണ്ണർ അപ്പ്)

**ബാഡ്മിന്റൻ (സിഗിൾസ്)**

ഷാബിൻ കുരുട്ടുപറമ്പിൽ (ചാമ്പ്യൻ)

നിമ്മി തുരുത്തുവേലിൽ (റണ്ണർ അപ്പ്)

**ബാഡ്മിന്റൻ (ഡബിൾസ്)**

ജസ്റ്റിൻ മണിപ്പറമ്പിൽ, ജെയിംസ് വെട്ടിക്കാട്ടിൽ (ചാമ്പ്യൻ)

ഷാബിൻ കുരുട്ട്പറമ്പിൽ, ജിബി കൊല്ലപ്പള്ളി (റണ്ണർ അപ്പ്)

**Father & Son (ബാഡ്മിന്റൺ)**

ജെയിംസ് & ജൂബിൻ വെട്ടിക്കാട്ടിൽ (ചാമ്പ്യൻസ്)

മോനായി & ജോയാൽ മാക്കിൽ (റണ്ണർ അപ്പ്)

**ബാഡ്മിന്റൻ (ജൂണിയർ)**

സിജോ കോലടി, ജൂബിൻ വെട്ടിക്കാട്ട് (ചാമ്പ്യൻ)

സാം തുരുത്തുവേലിൽ, ഡെറിക് തച്ചേട്ട് (റണ്ണർ അപ്പ്)

ബഹു. ബോബൻ വട്ടംപുറം അച്ചൻ മത്സരങ്ങളിൽ ആദ്യന്തം പങ്കെടുത്തത് ശ്രദ്ധേയമായി. മത്സരങ്ങൾക്ക് ജിം ഉപയോഗിക്കുവാൻ അനുവദിച്ച പുന്നൂസ് തച്ചേട്ടിന് പ്രത്യേകം നന്ദി.

സ്പോർട്ട്സ് ഫോറത്തിന്റെ വിവിധ ടൂർണമെന്റുകളുടെ വിജയത്തിനായി പരിശ്രമിച്ച, സൻജു പുളിക്കതൊട്ടിയിൽ, ജസ്റ്റിൻ തെങ്ങനാട്ട്, ബൈജു കുന്നേൽ, ജോസ് ഇടിയാലിൽ, സിബി കദളിമറ്റം, ജോമോൻ തൊടുകയിൽ, അലക്സ് പടിഞ്ഞാറേൽ, മാത്യു തട്ടാമറ്റം, സൈമൺ ചക്കാലപ്പടവിൽ, ഷാൻ കദളിമറ്റം, സെൽവിൻ പൂതക്കരി, ജോസ് മണക്കാട്ട്, ജെയിംസ് മണാകുളം, ജോയിതേനാകര, പയസ്റ്റിൻ ആലപ്പാട്ട്, ചാക്കോ മറ്റത്തിപറമ്പിൽ, ജോയൽ ഇലക്കാട്ട്, കെവിൻ തൊട്ടിച്ചിറ, ലൂക്ക് ആലപ്പാട്ട്, ജോജോ ആലപ്പാട്ട് എന്നിവർക്കു നന്ദിയും വിജയികൾക്ക് അഭിനന്ദനവും നേരുന്നു.

റിപ്പോർട്ട് കാലയളവിൽ 5 ന്യൂസ് ലെറ്റർ പ്രസിദ്ധീകരിച്ചു. ഒരു സോഷ്യൽ ബോഡിയോഗവും ചേർന്നു.

വെബ്സൈറ്റ്, സോഷ്യൽ മീഡിയ എന്നിവയ്ക്ക് പ്രവർത്തനസഹായം നൽകിയ ദിലീപ് മാധവപ്പള്ളിൽ, ജിമ്മി കണിയാലി എന്നിവർക്ക് നന്ദി അറിയിക്കുന്നു.

കഴിഞ്ഞ രണ്ട് വർഷക്കാലം ഏകതാബോധത്തോടുകൂടി പ്രവർത്തിച്ച്, ഇതര എക്സിക്യൂട്ടീവ് അംഗങ്ങളായ ജോസ് കണിയാലി, റോയി നെടുചിറ, സണ്ണി ഇടിയാലിൽ, സ്റ്റീഫൻ കിഴക്കേക്കുറ്റ് എന്നിവരെ കൃതജ്ഞതയോടെ സ്മരിക്കുന്നതോടൊപ്പം, സുഗമവും സുതാര്യവുമായ പ്രവർത്തനങ്ങൾക്ക് അനുഗ്രഹം ചൊരിഞ്ഞ ഈശോയുടെ തിരുഹൃദയത്തിന് നന്ദിയും, സഹകരണത്തിലൂടെ, സഹവർത്തിത്വത്തിലൂടെ മുന്നേറ്റം നടത്തുവാൻ സഹായിച്ച ബോർഡ് ഓഫ് ഡയറേക്ടേഴ്സ് അംഗങ്ങൾ വിവിധ പോഷക സംഘടനാ ഭാരവാഹികൾ, കമ്മിറ്റി കോർഡിനേറ്റർമാർ, ക്നാനായ കത്തോലിക്കാ സമുദായത്തിന്റെ നന്മയും മുന്നേറ്റവും മാത്രം ആഗ്രഹിക്കുന്ന കെ.സി.എസ്. അംഗങ്ങൾ എന്നിവർക്ക് ആശംസകളും നന്ദിയും നേരുന്നതോടൊപ്പം, പുതിയ ഭരണസമിതിക്കും എല്ലാ വിധ പിന്തുണയും സഹകരണവും നൽകണമെന്നഭ്യർത്ഥിച്ച്, ഈ റിപ്പോർട്ട് സവിനയം സമർപ്പിക്കുന്നു.

**ജീനോ കോതാലടിയിൽ**

**ജനറൽ സെക്രട്ടറി**